LIBRARY ARCHIVES Kerala Legislative Assembly

വനിത-ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന മുപ്പത്തിമൂവായിരത്തി ഒരുന്നൂറ്റി പതിനഞ്ച് അങ്കണവാടികൾക്കും കൂടി 1327 ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) അങ്കണവാടികളുടെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തിക വർദ്ധിപ്പിച്ചിട്ടുണ്ടോ; വർദ്ധിപ്പിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

നിലവിലെ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ച് 25 അങ്കണവാടികൾക്ക് ഒരു സൂപ്പർവൈസർ എന്ന ക്രമമനുസരിച്ചാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തിക സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ കേരളത്തിൽ ഇപ്പോൾ അനുവദിക്കപ്പെട്ടിട്ടുള്ള 33115 അങ്കണവാടികൾക്കായി 1327 സൂപ്പർവൈസർ തസ്തിക പര്യാപ്തമാണ്.

(സി) അങ്കണവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സൂപ്പർവൈസേഴ്സിന്റെ എണ്ണം കൂട്ടുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ശിശുവികസന പദ്ധതി ഓഫീസർ തസ്തികയ്ക്ക് സമാനമായി ബ്ലോക്ക് തലത്തിൽ വനിത വികസന ഓഫീസർ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

(സി&ഡി) ഇല്ല.

**സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ, ഷെൽട്ടർ ഹോമുകൾ എന്നിവയ്ക്കുള്ള ധനസഹായം**

273 (3301) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ ശിശു വികസന വകുപ്പിനുകീഴിൽ ഗാർഹിക പീഡന നിരോധന നിയമപ്രകാരം പ്രവർത്തിച്ചുവരുന്ന സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ, ഷെൽട്ടർ ഹോമുകൾ എന്നിവ നടത്തുന്ന സന്നദ്ധ സംഘടനകൾക്കുള്ള ധനസഹായം വിതരണം ചെയ്തിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്റ്റാഫിന്റെ ഓണറേറിയം, കേസ്സുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കുള്ള തുക, പീഡനത്തിനിരയായി ഷെൽട്ടർ ഹോമുകളിൽ എത്തുന്നവർക്ക് ഭക്ഷണം, വസ്ത്രം, വൈദ്യസഹായം എന്നിവയ്ക്കുള്ള ധനസഹായം എന്നിവ നൽകുന്നതിന് മേയ് മാസത്തിൽത്തന്നെ ഉത്തരവുകൾ നൽകിയിട്ടും വിതരണം ചെയ്യുന്നതിലുള്ള കാലതാമസം എന്താണ്; കാരണം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് ഗാർഹിക പീഡനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നിയമം നടപ്പിലാക്കുവാൻ പ്രവർത്തിക്കുന്ന സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾക്കും ഷെൽട്ടർ ഹോമുകൾക്കും ഫണ്ട് നൽകുവാൻ സത്വര നടപടി സ്വീകരിക്കുമോ?

(ബി&സി) സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിലെയും ഷെൽറ്റർ ഹോമുകളിലെയും സ്റ്റാഫുകളുടെ ഓണറേറിയം, കേസ്സുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കുള്ള തുക, പീഡനത്തിനിരയായി ഷെൽറ്റർ ഹോമുകളിൽ എത്തുന്നവർക്ക് ഭക്ഷണം, വസ്ത്രം, വൈദ്യസഹായം എന്നിവയ്ക്കുള്ള ധനസഹായം വിനിയോഗിക്കുന്നതിനുള്ള അനുമതി 14-5-2021-ലെ സ.ഉ(സാധാ) നമ്പർ 300/2021/സാ.നീ.വ, 14-5-2021-ലെ സ.ഉ(സാധാ) നമ്പർ 301/2021/സാ.നീ.വ എന്നീ ഉത്തരവുകൾപ്രകാരം നൽകിയിരുന്നെങ്കിലും ധനസഹായം വിതരണം ചെയ്തിട്ടില്ല. കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ 18-6-2021-ലെ MSW/20-2/2021-CSW നമ്പർ കത്തുപ്രകാരം കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ് നിർത്തലാക്കുന്നതിന് കേന്ദ്ര സർക്കാർ തത്വത്തിൽ തീരുമാനം കൈക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് മുഖേന നടത്തുന്ന വകുപ്പിന്റെ പദ്ധതികളായ ഷെൽട്ടർ ഹോമുകളും സർവീസ് പ്രൊവൈഡിംഗ് സെന്ററുകളും സ്വാധാർ ഗൃഹുകളും വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തുന്നതിനായി വനിത ശിശു വികസന ഡയറക്ടർ സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**മണലൂർ മണ്ഡലത്തിലെ അങ്കണവാടികൾ**

274 (3302) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ആകെ എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

മണലൂർ മണ്ഡലത്തിൽ ആകെ 264 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇവയിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ എത്രയെണ്ണമുണ്ടെന്ന് അറിയിക്കാമോ?

മണലൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 50 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്.

(സി) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?